# ഉള്ളടക്കം


- *ആമുഖം*
- *അധ്യാപക പരിശീലനം*

| | | | |
|---|---|---|---|
| *അവധിക്കാല പരിശീലനം* | – | *എൽ.പി.* | *1* |
| | | *യു.പി.* | *10* |
| *തുടർ പരിശീലനം* | – | *എൽ.പി.* | *21* |
| | | *യു.പി.* | *30* |

- *ആസൂത്രണക്കുറിപ്പുകൾ* – *എൽ.പി* *40*
  *യു.പി.* *73*

# ആമുഖം

എല്ലാവിദ്യാർത്ഥികൾക്കും ഗുണമേൻമയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന മഹത്തായ ലക്ഷ്യം മുൻനിർത്തിയാണ് വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ഈ ലക്ഷ്യം നേടുന്നതിനായി അധ്യാപകരെ സജ്ജരാക്കുവാൻ അവധിക്കാല പരിശീലനവും തുടർപരിശീലനങ്ങളും നൽകിക്കഴിഞ്ഞിരിക്കുന്നു. പരിശീലനങ്ങളിലൂടെ വിനിമയം ചെയ്യപ്പെട്ട ആശയങ്ങളും തന്ത്രങ്ങളും ക്ലാസ് മുറിയിൽ പ്രാവർത്തികമാക്കുമ്പോൾ അധ്യാപകർക്ക് ആവശ്യമായി വരുന്ന സഹായങ്ങൾ എന്തെന്ന് തിരിച്ചറിഞ്ഞ് തക്കസമയത്ത് ഫലപ്രദമായി ഇടപെടാൻ പ്രഥമാധ്യാപകർക്കാണ് കഴിയുക. ഇക്കാര്യം തിരിച്ചറിഞ്ഞ് വിദ്യാഭ്യാസ വകുപ്പ് പ്രഥമാധ്യാപകരുടെ ശാക്തീകരണത്തിനായി നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. അവധിക്കാല പരിശീലനങ്ങൾ, ഏകദിന പ്രഥമാധ്യാപകയോഗങ്ങൾ, വിദ്യാഭ്യാസാധികൃതരുടെ സ്കൂൾ സന്ദർശനം എന്നിവ ഇവയിൽ ചിലതുമാത്രം.

പ്രഥമാധ്യാപകരുടേയും, മോണിറ്ററിംഗ് ടീമിന്റേയും തത്സ്ഥല സഹായങ്ങൾ ഫലപ്രദമാക്കുവാൻ, അധ്യാപകർക്ക് പരിശീലനങ്ങളിൽ നല്കിയ ആശയങ്ങളും നിർദ്ദേശങ്ങളും എന്തെന്ന് അറിയേണ്ടത് അനിവാര്യമാണ്. ഇതിന് സഹായിക്കുന്ന ഒരു കൈപ്പുസ്തകമാണ് ഡയറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിരിക്കുന്നത്. അവധിക്കാല പരിശീലനത്തിന്റേയും ഒന്നാംഘട്ട തുടർ പരിശീലനത്തിന്റേയും ഉദ്ദേശ്യങ്ങളും വിനിമയം ചെയ്യപ്പെട്ട ആശയങ്ങളും ഇതിൽ സംഗ്രഹിച്ചു നല്കിയിരിക്കുന്നു. ഓരോ വിഷയത്തിന്റേയും ഒരു യൂണിറ്റിന്റെ പ്രവർത്തന രൂപരേഖയും ഒരു സാമ്പിൾ ടീച്ചിംഗ് മാന്വലും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രഥമാധ്യാപകർ, ട്രെയിനർമാർ, ബി.പി.ഒ., ഡയറ്റ് ഫാക്കൽട്ടികൾ, എ.ഇ.ഒ./ഡി.ഇ.ഒ. എന്നിവരുടെ തത്സ്ഥല സഹായങ്ങൾ കൂടുതൽ മൂർത്തമാക്കുവാൻ ഈ കൈപുസ്തകം പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

ആശംസകളോടെ,

**പ്രിൻസിപ്പൽ,**
ഡയറ്റ്, വയനാട്

# അധ്യാപക പരിശീലനം

ഒന്നു മുതൽ ഏഴ് വരെയുള്ള ക്ലാസുകളിലെ പാഠപുസ്തക പരിഷ്കരണം ഈ വർഷത്തോടെ പൂർത്തിയായിരിക്കുന്നു. ഇതിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന അധ്യാപ പരിശീലന പാക്കേജിന് അവധിക്കാലത്ത് തുടക്കം കുറിച്ചു. തുടർ പരിശീലനങ്ങളടക്കം മൊത്തം 20 ദിവസത്തെ അധ്യാപക പരിശീലനമാണ് ലക്ഷ്യമിടുന്നത്. ഈ പരിശീലനങ്ങളും ഉദ്ദേശ്യങ്ങളും രൂപപ്പെടേണ്ട ധാര ണകളുമാണ് ഇവിടെ സംഗ്രഹിക്കുന്നത്.